# മഹാത്മാ ഗാന്ധി
# M.K.GANDHI

ഗാന്ധിജി
ലോകദൃഷ്ടിയിൽ

# രവീന്ദ്രനാഥ ടാഗോർ

രാഷ്ട്രീയ പ്രവർത്തകൻ, സംഘാടകൻ, ജനനേതാവ്, സാമൂഹികപരിഷ്കർത്താവ് എന്നീ നിലകളിലൊക്കെ മഹാനാണ് അദ്ദേഹം. പക്ഷേ ഇതേക്കാളൊക്കെ മഹത്വമുള്ള മനുഷ്യനാണ് അദ്ദേഹം. അദ്ദേഹം സ്നേഹിച്ചത് മനുഷ്യനെയാണ്, ആശയങ്ങളെയല്ല. ഒരു പൂർണ്ണ മനുഷ്യൻ

# മൗണ്ട് ബാറ്റൺ പ്രഭു

എന്റെ ജീവിതത്തിൽ ലോകനേതാകളിൽ വളരേപ്പേരെ നേരിട്ടറിയുവാനുള്ള ഭാഗ്യം ഉണ്ടായിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ മഹാന്മാരെന്ന് വിളിക്കാവുന്ന വളരേ പേരെ മാത്രമേ ഞാൻ ഓർക്കുന്നുള്ളു.അതിഹ്രസ്വമായ ആ പട്ടികയിൽ മഹാത്മാഗാന്ധിക്ക്സ്ഥാനം നൽകാൻ എനിക്ക് യാതൊരു സന്ദേഹവുമില്ല .

# ആൽബർട്ട് ഐൻസ്റ്റീൻ

ഈ ഭൂമുഖത്ത് ഇമ്മാതിരിയൊരു മനുഷ്യൻ രക്തമാംസാദികളോടെ ജീവിച്ചിരുന്നു എന്നു വിശ്വസിക്കുവാൻ വരും തലമുറകൾ തയാറായില്ല എന്നു വരാം.

# ജവഹർലാൽ നെഹ്റു

ദുർബലരായശരീരയായ ഈ കൊച്ചു മനുഷ്യനിൽ ഉരുക്കു പോലുള്ള എന്തോ ഒരംശം, പാറ പോലുള്ള എന്തോ ഒന്ന് ഉണ്ടായിരുന്നു. എത്ര ഊക്കേറിയ ഭൗതിക ശക്തിക്കും കീഴ്പ്പെടുത്താനാവാത്ത  എന്തോ ഒന്ന് .അദ്ദേഹത്തിന്റെ ശരീരപ്രകൃതി  അനാകർഷകമായിരുന്നു. അരയിൽ ഒരൊറ്റ മുണ്ടു മാത്രമേചുറ്റിയിരുന്നുള്ളു. മിക്കവാറും  നഗ്നമായ ശരീരം. എങ്കിലും. അദ്ദേഹത്തിൽ എന്തോ ഒരു പ്രഭുത്വം, ഒരു രാജകീയത അന്തർലീനമായിരുന്നു. അദ്ഭുതകരമാംവണ്ണം ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്നതിന് അദ്ദെഹത്തിന് കഴിഞ്ഞു. പ്രാചീനമായ ഈ രാജ്യത്തിന്റെ ആത്മാവിനെത്തന്നെ പ്രകാശിപ്പിക്കുന്നതിന് ഗാന്ധിജിക്ക് സാധിച്ചു. മിക്കവാറും അദ്ദെഹം ഇന്ത്യ തന്നെയായിരുന്നു.G

# അർനോൾഡ് ടോയിൻബി

വ്യക്തിപരമായി അദ്ദേഹം നിസ്സംഗനായിരുന്നു. രാഷ്ട്രീയത്തിന്റെ ചെളിക്കുണ്ടിൽ , ജീവിതത്തിന്റെ ആത്മീയ നിലവാരം ഉയർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹം ആ ചെളിയിലേക്ക് ഇറങ്ങിച്ചെന്നു. അഴുക്ക് എങ്ങനെ ശുദ്ധീകരിക്കാമെന്ന്കാണിച്ചുതന്നു. അതിൽ ആഴ്ന്നിറങ്ങിയിട്ടും സ്വന്തം ജീവിതത്തിൽ അഴുക്കു പറ്റാതെ നിൽക്കുകയുംനചെയ്തു .

# ഇന്ദിരാഗാന്ധി

എന്നെ സംബന്ധിച്ചിടത്തോളം കുറെ വരട്ടുതത്ത്വങ്ങളുടെയും പ്രമാണങ്ങളുടെയും ശേഖരമല്ലഗാന്ധിജി. മനുഷ്യന് വികസിച്ചുയരാവുന്ന ഏറ്റവും ഉയർന് പദവിയെക്കുറിച്ച് നമ്മെ ബോധവാൻമാരാക്കി കൊണ്ട് എന്നും ജീനിക്കുന്ന മനുഷ്യനാണ് അദ്ദേഹം.

# ഡോ. സക്കീർ ഹുസൈൻ

സ്വന്തം ജീവിതത്തെ ആദർശവും ആചരണവും തമ്മിലുള്ള പൊരുത്തത്തിന് ഉദ്ദാഹരണമാക്കിതീർക്കാൻ പോന്ന ആത്മാർത്ഥത എത്ര പേർക്കുണ്ട്? ഈ പൊരുത്തം പരിപൂർണ്ണമാക്കാനാണ് ഗാന്ധിജി ശ്രമിച്ചത്.

# മാർട്ടിൻ ലൂതർ കിംഗ്

ക്രിസ്തുവിന്റെ സ്നേഹസങ്കല്പത്തെ വ്യക്തികൾ തമ്മിലുള് ള പരസ്പര ബന്ധത്തിലുപരി ഫലപ്രതവും വ്യാപ്തി യേറിയതും ആയ ഒരു സാമൂഹിക ശക്തിയാക്കിത്തീർത്ത ആദ്യത്തെ ചരിത്ര പുരുഷൻ.

# ഡോ. എസ് രാധാകൃഷ്ണൻ

അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന ഭൂതകാലത്തിന്റെ ഏകാകിയായ പ്രതീകം ; ഒപ്പം പിറവിയെടുക്കാൻ വെമ്പുന്ന പുതിയ ലോകത്തിന്റെ പ്രവാചകൻ . നാളത്തെ മനുഷ്യന്റെ മനസ്സാക്ഷിയാണ് മഹാത്മാഗാന്ധി.